# 146-ാമത്
# മന്നംജയന്തി ആഘോഷം

ശ്രീ മന്നത്തുപത്മനാഭന്റെ 146-ാമത് ജയന്തി 2023 ജനുവരി ഒന്നും രണ്ടും തീയതികളിൽ സാഘോഷം കൊണ്ടാടുകയുണ്ടായി. ആ മഹാത്മാവിനോടുള്ള ആദരവും പ്രണാമവും അർപ്പിക്കാൻ ജനസഹസ്രങ്ങൾ ഈ ആഘോഷത്തിൽ പങ്കെടുത്തു. പതിവുപോലെ നടത്തിവരാറുള്ള ജയന്തിആഘോഷം കോവിഡ് മഹാമാരിമൂലം കഴിഞ്ഞ രണ്ടുവർഷങ്ങളായി നടത്താൻ കഴിഞ്ഞിരുന്നില്ല.

ജനുവരി 1 ഞായറാഴ്ച രാവിലെ 7 മണി മുതൽ കരയോഗ-വനിതാസമാജ-ബാലസമാജ പ്രതിനിധികൾ മന്നംസമാധിയിൽ പുഷ്പാർച്ചന നടത്തി. 10.15-ന് അഖിലകേരളനായർപ്രതിനിധി സമ്മേളനം ആരംഭിച്ചു. ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ സ്വാഗതം ആശംസിക്കുകയും വിശദീകരണപ്രസംഗം നടത്തുകയും ചെയ്തു. പ്രസിഡന്റ് ഡോ. എം. ശശികുമാർ അദ്ധ്യക്ഷത വഹിച്ചു. ശബരിമലയിലെ യുവതീപ്രവേശനവിഷയവുമായി ബന്ധപ്പെട്ട് വിശ്വാസസംരക്ഷണാർത്ഥം 2018-ൽ നടത്തിയ നാമജപഘോഷയാത്രയിൽ പങ്കെടുത്ത സ്ത്രീകളടക്കം നിരവധി വിശ്വാസികളെ പ്രതിയാക്കി സംസ്ഥാനസർക്കാർ വിവിധ വകുപ്പുകളിലായി എടുത്ത കേസുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡയറക്ടർ ബോർഡ് അംഗം പന്തളം ശിവൻകുട്ടി അവതാരകനും അഡ്വ.എ. സുരേശൻ അനുവാദകനും ആയിട്ടുള്ള പ്രമേയവും, സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് തൊഴിൽ, വിദ്യാഭ്യാസമേഖലകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഭരണഘടനാഭേദഗതി ശരിവച്ച ബഹു. സുപ്രീംകോടതിയുടെ അഞ്ചംഗഭരണഘടനാബഞ്ചിന്റെ വിധി സ്വാഗതം ചെയ്തുകൊണ്ട് എൻ.എസ്.എസ്. ട്രഷറർ അഡ്വ. എൻ.വി. അയ്യപ്പൻപിള്ള അവതാരകനും ഡയറക്ടർ ബോർഡ് അംഗം എം.പി. ഉദയഭാനു അനുവാദകനും ആയിട്ടുള്ള പ്രമേയവും അവതരിപ്പിച്ചത് യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു. കരയോഗം രജിസ്ട്രാറുടെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

ഉച്ചയ്ക്ക് 3 മണിക്ക് പ്രണവം ശങ്കരൻനമ്പൂതിരിയുടെ സംഗീതസദസ്സും വൈകിട്ട് ഡോ. രാജശ്രീ വാര്യരും സംഘവും അവതരിപ്പിച്ച ഭരതനാട്യവും ഉണ്ടായിരുന്നു. രാത്രി 9 മുതൽ തിരുവല്ല ശ്രീവല്ലഭവിലാസം കഥകളിയോഗം അവതരിപ്പിച്ച മേജർ സെറ്റ് കഥകളി അരങ്ങേറി.

ജനുവരി 2-ന് രാവിലെ 7 മുതൽ മന്നംസമാധിയിൽ ആരംഭിച്ച പുഷ്പാർച്ചനയിൽ ആയിരക്കണക്കിന് ആളുകൾ പങ്കെടുത്തു. 8 മണി മുതൽ വെട്ടിക്കവല കെ.എൻ. ശശികുമാറിന്റെ നാഗസ്വരക്കച്ചേരി ഉണ്ടായിരുന്നു.

പെരുന്ന എൻ.എസ്.എസ്.ഹിന്ദു കോളേജിന് എതിർവശത്ത് പണികഴിപ്പിച്ച മന്നം മെമ്മോറിയൽ എൻ.എസ്.എസ്. കൺവെൻഷൻ സെന്ററിന്റെയും ഗസ്റ്റ് ഹൗസിന്റെയും ഉദ്ഘാടനം രാവിലെ 9.40-ന് ജനറൽ സെക്രട്ടറി നിർവഹിച്ചു.

മുമ്പെന്നത്തേക്കാളും ഉപരിയായി ജനസഹസ്രങ്ങൾ പങ്കെടുത്ത മന്നംജയന്തിസമ്മേളനം 10.45-ന് ആരംഭിച്ചു. ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ സ്വാഗതം ആശംസിച്ചു. ഐക്യരാഷ്ട്രസഭ മുൻ അണ്ടർ സെക്രട്ടറി ജനറൽ ഡോ. ശശി തരൂർ എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. എൻ.എസ്.എസ്. പ്രസിഡന്റ് ഡോ. എം. ശശികുമാർ അദ്ധ്യക്ഷത വഹിച്ചു. മുൻ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ഡോ. അലക്സാണ്ടർ ജേക്കബ് അനുസ്മരണപ്രഭാഷണം നടത്തി. മന്നം മെമ്മോറിയൽ എൻ.എസ്.എസ്. കൺവെൻഷൻ സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ച വിവരം ജനറൽ സെക്രട്ടറി ഔപചാരികമായി പ്രഖ്യാപിച്ചു. എൻ.എസ്.എസ്. ട്രഷറർ അഡ്വ. എൻ.വി. അയ്യപ്പൻപിള്ള കൃതജ്ഞത പ്രകാശിപ്പിച്ചു.